"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. WCD-B2/354/2024-WCD
വനിതാശിശുവികസന (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17-01-2025

<u>സർക്കുലർ</u>

വിഷയം:- വനിതാശിശുവികസന വകുപ്പ്- സ്ത്രീധന നിരോധന നിയമം, 1961 - സ്ത്രീധനം വാങ്ങില്ലയെന്ന ജീവനക്കാരുടെ സത്യവാങ്ങ്മൂലം- ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറുടെ സർക്കുലറിന്റെ പരിധിയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ഓട്ടണമസ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്നത്- വ്യക്തത വരുത്തുന്നത്-സംബന്ധിച്ച്

സൂചന:- ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറുടെ സർക്കുലർ നം. WEC1/9752/2021, തീയതി. 16/07/2021

***********************

സംസ്ഥാനത്ത് സ്ത്രീധന നിരോധനം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ, സർക്കാർ ഉദ്യോഗസ്ഥർ സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്ങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരിൽ നിന്ന് വാങ്ങി റിപ്പോർട്ട് ചെയ്യാൻ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ കൂടി ആയ വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ സൂചന പ്രകാരം വകുപ്പ് തലവൻമാർക്ക് നിർദേശം നൽകിയിരുന്നു. സ്ത്രീധന നിരോധനവുമായി ബന്ധപ്പെട്ടുള്ള ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറുടെ നിർദേശങ്ങൾ സംസ്ഥാനമൊട്ടാകെ ബാധകമായിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ, അനുബന്ധമായി ചേർത്തിരിക്കുന്ന ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറുടെ സർക്കുലർ നം. WEC1/9752/2021, തീയതി. 16/07/2021 ലെ നിർദേശങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ഓട്ടണമസ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കും ബാധകമാണെന്നു വ്യക്തമാക്കുന്നു.

സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 17-01-2025 11:25:44

സെക്ഷൻ ഓഫീസർ.

പകർപ്പ്

എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും
എല്ലാ ബോർഡുകൾ/കോർപ്പറേഷനുകൾ/ഓട്ടണമസ്
സ്ഥാപന മേധാവികൾക്കും
ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ-കം- വനിതാശിശുവികസന വകുപ്പ് ഡയറക്ടർക്ക്
ധനകാര്യ-നിയമ-പൊതുഭരണ വകുപ്പുകൾ (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
വെബ് & ന്യൂ മീഡിയ/ സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി